# JACOB NETTIKKADAN

**Flat No. 502-B, City Palace ( E. V. Homes ),**
**36/2677-E 1, Azad Road, Kaloor, KOCHI - 682017**
**Ph. 9846008621 ; 0484-4047769**
**E-mail : mail@jacobnettikkadan.com / .org**
**Website : www.jacobnettikkadan.com / .org**

**8th October, 2013.**

The Hon. Deputy Mayor
Mrs. B. Bhadra Satheesh
Cochin Corporation
KOCHI

സ്നേഹ ബ. ഡപ്യൂട്ടി മേയർ,

കാര്യം : **എന്റെ ഫ്ളാറ്റിന് നാലിരട്ടി (400%) കെട്ടിട നികുതി ചുമത്തൽ, റീഫണ്ട് സാധ്യതയില്ലാതെ – നീതി പുലർത്താൻ അപേക്ഷ**

കഴിഞ്ഞ 52 വർഷങ്ങളായി ഭാഷകളെപ്പറ്റിയും ഭാഷാ അധ്യയന രീതിയെപ്പറ്റിയും സ്വകാര്യ ഗവേഷണം സ്വന്തം വീട്ടിൽ തന്നെ നടത്തി, ലോകത്തിൽ (20 നൂറ്റാണ്ടിൽ) മറ്റൊരു ഭാഷാ ശാസ്ത്രഞ്ജനും ചെയ്യാൻ കഴിഞ്ഞിട്ടില്ലാത്ത ആറ് കണ്ടുപിടിത്തങ്ങൾ നടത്തി, ഇംഗ്ലീഷ് അധ്യയനത്തെ പൂർണമായി ഫലപ്രദമാക്കാൻ സഹായിച്ച ഒരാളാണ് ഞാൻ. ദ ന്യൂ ഇന്ത്യൻ എക്സ്പ്രസ്സും, മാതൃഭൂമിയും എന്റെ ഗവേഷണ ഫലങ്ങളെ പ്രശംസിച്ചു ഈയിടെ കേരളമൊട്ടാകെ പ്രസിദ്ധീകരിച്ച രണ്ടു ലേഖനങ്ങളുടെ പകർപ്പ് ഇതുസഹിതം സമർപ്പിക്കുന്നു. കഴിഞ്ഞ 52 കൊല്ലങ്ങൾ കൊണ്ട് സ്വന്തം ഗവേഷണത്തിൽ നിന്നും ഞാനുണ്ടാക്കിയ, ഉന്നത നിലവാരമുള്ള ആറ് കണ്ടുപിടുത്തങ്ങളും ഇംഗ്ലീഷ് ഭാഷക്ക് എന്റെ കണ്ടുപിടുത്തങ്ങൾ സമ്മാനിച്ച 5700 പുതിയ അറിവുകളും ഇന്ത്യയിലെ പൊതുജനത്തിനും, പ്രത്യേകിച്ച് ഇംഗ്ലീഷ് പഠിക്കുന്ന വിദ്യാഭ്യാസ മേഖലയ്ക്കും നമ്മുടെ സമൂഹത്തിനും ഒരു വലിയ മുതൽക്കൂട്ടാണ്; രാഷ്ട്രത്തിന് വിലമതിക്കാനാവാത്ത സമ്പത്താണ്. പക്ഷെ, കേന്ദ്രസർക്കാരോ, കേരളസർക്കാരോ ഈ എളുപ്പമുള്ള രസാവഹമായ പഠനരീതി നമ്മുടെ സ്കൂൾ തലത്തിൽ ഉൾപ്പെടുത്തി ഈ സംസ്ഥാനത്തെ യുവതലമുറകളെ വളർത്തിയെടുക്കാൻ വിസമ്മതിച്ചിരിക്കുകയാണ്. സർക്കാർ ഗവേഷകരുടെ പേരിൽ 100 കണക്കിന് കോടി രൂപ പാഴ്ചിലവാക്കി കൊണ്ടിരിക്കുകയാണ്. ഞാൻ കണ്ടുപിടിച്ച കാര്യങ്ങളെയും അവയുടെ യഥാർത്ഥ ഗുണങ്ങളേയും ജനങ്ങൾക്ക് ലോകത്തിന്റെ ഏതുകോണിൽ നിന്നും നേരിട്ട് വായിച്ചറിയുവാൻ വേണ്ടി പത്തു തലക്കെട്ടുകളിലാക്കി എന്റെ വെബ്സൈറ്റുകളിൽ (www.jacobnettikkadan.com / .org അല്ലെങ്കിൽ www.xavierinstitute.com / .org) വിപുലമായി കൊടുത്തിട്ടുണ്ട്. പക്ഷെ, 75 വയസ്സായ എനിക്ക് പെൻഷനോ കെട്ടിടവാടകയോ മറ്റു ഭൂസമ്പത്തിൽ നിന്നുള്ള ഏതെങ്കിലും വരുമാനമോ ഇല്ലാത്തതിനാൽ ഇപ്പോഴും തൊഴിൽ ചെയ്ത് (സ്പോക്കൺ ഇംഗ്ലീഷ് പഠിപ്പിക്കൽ) ഉപജീവനം തേടേണ്ടി വരുന്നു. എന്റെ രണ്ടുമക്കളിൽ മൂത്ത മകൻ ബുദ്ധിമാന്ദ്യം മൂലം എന്റേയും എന്റെ ഭാര്യയുടേയും കൂടെ ഞങ്ങളെ ആശ്രയിച്ചു ജീവിക്കുന്നു.

ഒരു എഞ്ചിനീയർ ആയ എന്റെ രണ്ടാമത്തെ മകൻ ബാങ്ക് ലോൺ എടുത്ത് ഞങ്ങൾ രണ്ടുപേരും കൂടി വാങ്ങിയ, മുകളിൽ കാണിച്ചിട്ടുള്ള ഫ്ളാറ്റിന് 2006 മുതൽ കൊച്ചിനഗരസഭാ അധികൃതർ, 1686 ചതുരശ്ര അടി സ്ഥലത്തിന് **പ്രതിവർഷം 8,474/– രൂപയാണ് 2006**

(Contd...2)

**ജൂൺ മാസം മുതൽ ഈടാക്കിയിട്ടുള്ളത്. അതേസമയം കലൂർ പ്രദേശത്ത് സ്വന്തം ഭൂമി വാങ്ങി, ഇതേ നിലവാരത്തിൽ അല്ലെങ്കിൽ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ പണിയിച്ചി ട്ടുള്ള ഇത്രയുമെങ്കിലും വിസ്തീർണ്ണമുള്ള ഒരു സ്വതന്ത്ര കെട്ടിടത്തിന് മറ്റൊരു പൗരൻ നൽകുന്ന കെട്ടിട നികുതി 2,000/- രൂപയിൽ കുറവാണ്** (അതായത് എന്റെ പേരിൽ ചുമ ത്തിയ കെട്ടിട നികുതി നാലിരട്ടി (400%) ആണ്). അദ്ദേഹത്തിന്റെ പേരും മേൽവിലാസവും ഞാൻ വെളിപ്പെടുത്താത്തത് അദ്ദേഹത്തെ അനാവശ്യമായി ആരെങ്കിലും ഉപദ്രവിക്കരുത് എന്ന് ആഗ്രഹിച്ചിട്ടാണ്. 2010 അവസാനത്തിൽ മേൽപറഞ്ഞ ഫ്ളാറ്റ് ഞങ്ങളുടെ പേരിലേക്ക് ജമ മാറ്റം ചെയ്തപ്പോൾ, **എനിക്ക് നാലു കൊല്ലത്തെ അധിക ചെലവും നഷ്ടവും 24,000/- രൂപയിൽ കൂടുതലായിരുന്നു.** ആ തുക തിരികെ ലഭിക്കുകയില്ലെന്ന് കൊച്ചി നഗരസഭയുടെ നികുതി പിരിക്കുന്ന വകുപ്പും  നഗരസഭയുടെ ആദരണീയനായ മേയർ ശ്രീ.ടോണി ചമ്മി ണിയും നേരിൽ പറഞ്ഞിട്ടുണ്ട്. **സ്വതന്ത്രമായ ഭൂമി സ്വന്തമായി വാങ്ങി അതിൽ കെട്ടിടം പണിയിക്കാനുള്ള സാമ്പത്തികശേഷി ഇല്ലാത്തതിനാലാണ് ചുരുങ്ങിയ ചെലവിൽ ഒരു ഫ്ളാറ്റ് വാങ്ങി** എല്ലാവിധ അസൗകര്യങ്ങളും അസുഖവും സഹിച്ച് ഫ്ളാറ്റിൽ താമസിക്കാ മെന്ന് തീരുമാനിച്ചത്. പക്ഷെ, അങ്ങനെ ഫ്ളാറ്റിൽ താമസിക്കുന്നവരെ **നാലിരട്ടി നികുതി ചുമത്തി വേട്ടയാടുന്നത് കടുത്ത വിവേചനമാണ്, അനീതിയാണ്, അക്രമമാണ്, ജനാധി പത്യ ഭരണത്തിൽ പൊറുക്കാൻ പാടില്ലാത്ത പാതകമാണ്.** ബ്രിട്ടീഷുകാർ ഇന്ത്യ ഭരിച്ചിരു ന്നപ്പോൾ പോലും ഇത്തരം പകൽക്കൊള്ള നടന്നിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കു ന്നു. ഈ കടുംകൈ, അനീതി ഞങ്ങളുടെ നേരെ നടപ്പിലാക്കാൻ തീരുമാനിച്ച കൊച്ചിനഗര സഭാ ജീവനക്കാരന്/ജീവനക്കാരെ, യാതൊരു ആനുകൂല്യങ്ങളും കൊടുക്കാതെ ജോലി യിൽ നിന്ന് പിരിച്ചുവിട്ട് അവരുടെ എല്ലാ സമ്പത്തുക്കളും കണ്ടുകെട്ടി, എന്നെപ്പോലെ അന്യാ യനികുതി നൽകിയവർക്ക് ആ തുക തിരിച്ചുകൊടുക്കുവാൻ ഞാൻ നിർദ്ദേശിക്കുന്നില്ല. പകരം, റിട്ടയർ ചെയ്ത ജീവനക്കാരാണ് ഇതു ചെയ്തതെങ്കിൽ അവരുടെ (ഇടയ്ക്കിടെ തഴച്ചുവളരുന്ന) പെൻഷൻ നിർത്തലാക്കി അവരുടെ സമ്പത്ത് കണ്ടുകെട്ടി എന്നെപ്പോലെ അന്യായകെട്ടിട നികുതി നൽകാൻ നിർബന്ധിതരായവർക്ക് പണവും പലിശയും തിരികെ കൊടുക്കുവാനും ഞാൻ നിർദ്ദേശിക്കുന്നില്ല. പക്ഷെ, നീതിബോധമുള്ള വിദ്യാസമ്പന്നരായ നിലവിലെ നഗരസഭാ അധികൃതർ ഇത്തരത്തിലുള്ള അന്യായ അധികനികുതി ചുമത്തുന്ന തിനും വാങ്ങുന്നതിനും എതിരെ ശബ്ദമുയർത്തണം; അത് ഒരു കാരണവശാലും അനുവ ദിക്കരുത്. അതിനുള്ള ഉത്തരവ് ഉടൻ ഇറക്കി എന്നെപ്പോലെ കേരളത്തിൽ അധികം നികുതി നൽകുന്ന ഫ്ളാറ്റ് ഉടമകളെ രക്ഷിക്കണമെന്ന് അപേക്ഷിക്കുന്നു. വിലക്കയറ്റത്തിന്റെ പ്രള യത്തിൽ മുങ്ങിത്തുടിച്ച് ജീവിക്കാനുള്ള ആഗ്രഹം കൊണ്ടുമാത്രം നീന്തിക്കയറാൻ ശ്രമി ക്കുന്ന എന്നെപ്പോലെയുള്ള ആളുകൾക്ക് ഇത്തരം ഒരു അനീതി കൂടി പാരിതോഷികമായി സമ്മാനിക്കരുത്.

കൊച്ചിയിലെ ഫ്ളാറ്റുകൾക്ക് നഗരസഭയിൽ കെട്ടിട നികുതി നിശ്ചയിക്കുന്നവർ വളരെ അന്യായമായി നാലിരട്ടി (400%) കെട്ടിട നികുതി ചുമത്തി എന്നെയും എന്റെ സഹഫ്ളാറ്റു ടമകളെയും പീഡിപ്പിക്കുന്ന കാര്യം 2012 ൽ രേഖാമൂലം സമർപ്പിച്ച് ആദരണീയനായ മേയർ ശ്രീ.ടോണി ചമ്മിണിയെ നേരിട്ട് അറിയിച്ചിരുന്നു. അതിനുശേഷം കേരളസർക്കാർ നിശ്ച യിച്ച പുതിയ നിരക്ക്, നഗരസഭ അംഗീകരിച്ച് നടപ്പിലാക്കാനുള്ള എല്ലാ നടപടികളും പൂർത്തി യായപ്പോൾ പുതിയ ഉത്തരവുണ്ടായി : **"**വീണ്ടും പുതിയ അറിയിപ്പ് വരുന്നതുവരെ നില വിലുള്ള കെട്ടിട നികുതി അടച്ചാൽ മതി**"**. ഈ ഉത്തരവ് കൊണ്ട് കുറേ പേർക്ക് ലാഭമുണ്ടാ യേക്കാം. പക്ഷെ, എനിക്കും എന്നെപ്പോലെയുള്ളവർക്കും നാലിരട്ടി (400%) നികുതിയാണ് നിലവിലുള്ള നിരക്ക്. അത് അടക്കുകയാണെങ്കിൽ എനിക്കുണ്ടാകുന്ന നഷ്ടം 3 കൊല്ല ത്തേക്ക് 18,000/- രൂപയായിരിക്കും. അത് തിരിച്ചു ലഭിക്കുവാൻ യാതൊരു വകുപ്പും നിലവി ലില്ല. കേരളത്തിലുള്ള ഒട്ടനേകം ഫ്ളാറ്റുടമകളും മുകളിൽ പറഞ്ഞ കാരണത്താൽ നികുതി

(Contd...3)

അടയ്ക്കാൻ ബാക്കിയുണ്ട് എന്നാണ് അറിയാൻ കഴിഞ്ഞത്. കൊച്ചി നഗരസഭയിലെ ഏതോ ജീവനക്കാരൻ ചെയ്ത കടുത്ത പാഥകത്തിന് ഞാൻ ആകെ 42,000/- രൂപ (ആദ്യത്തെ 4 കൊല്ലം കൂടുതൽ അടച്ചത് 24,000/- രൂപയും ഇപ്പോൾ കൂടുതൽ അടക്കേണ്ടത് 18,000/- രൂപയും) പ്രായശ്ചിത്തമായി സഹിക്കാൻ ബുദ്ധിമുട്ടുള്ളതു കൊണ്ടാണ് ഞാൻ കഴിഞ്ഞ 3 കൊല്ലത്തെ നികുതി അടക്കാതിരുന്നത്. ഈയിടെ പത്രങ്ങളിൽ നിന്നും അറിയാൻ കഴിഞ്ഞത്, കൊച്ചി നഗരസഭയിൽ ഭീമമായ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടെന്നാണ്. അതുകൊണ്ട് നികുതിയിൽ കുടിശ്ശികയുള്ളവർക്ക് നീതിപരമായി നികുതി അടക്കാനും അതേ സമയം നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കാനും ഉപകരിക്കുന്ന ഒരു നിർദ്ദേശം കീഴെ കൊടുക്കുന്നു.

## അധികനിരക്കിൽ കെട്ടിട നികുതി കുടിശ്ശികയുള്ളവരുടെ പിഴയും പലിശയും ഒഴിവാക്കി നികുതി അടക്കാനുള്ള നിർദ്ദേശം

1. 2013 ൽ കേരളസർക്കാർ നിശ്ചയിച്ചതും കൊച്ചി നഗരസഭ നടപ്പിലാക്കാൻ തയ്യാറായതുമായ നിരക്കിലും കൂടുതൽ നിരക്കിൽ നിലവിലുള്ള കെട്ടിട നികുതി കൊടുക്കാനുള്ളവർക്ക് യാതൊരു പിഴയും പലിശയുമില്ലാതെ കുടിശ്ശികയായ നികുതി അടക്കാൻ ഒരു മാസത്തെ സമയം നൽകുക.

2. നികുതി അടക്കുന്നയാളെ തന്റെ ഫ്ളാറ്റിന്റെ വിസ്തീർണ്ണം സ്വയം പ്രഖ്യാപിച്ച്, അതിന് കൊച്ചിനഗരസഭ പുതുതായി നിശ്ചയിച്ച സ്ക്വയർ മീറ്ററിനുള്ള കെട്ടിടനികുതി അടക്കാൻ അനുവദിക്കുക.

3. പുതിയ കെട്ടിട നികുതി നിരക്ക് എപ്പോൾ നടപ്പിലാകുന്നുവോ അപ്പോൾ കൊച്ചിനഗരസഭയിലെ റവന്യൂ അധികൃതർ ഓരോ ഫ്ളാറ്റിലും പരിശോധന നടത്തി വ്യത്യാസമുള്ള തുക നഗരസഭയ്ക്ക് ലഭിക്കാനുണ്ടെങ്കിൽ ആ തുക അടക്കാൻ ഫ്ളാറ്റുടമയോട് നിർദ്ദേശിക്കണം. ആ തുകയ്ക്ക് പിഴയും പലിശയും ഒഴിവാക്കണം. കാരണം, കേരളസർക്കാരിന്റെ നിർദ്ദേശങ്ങളിൽ, നടപ്പിലാക്കുന്നതിനു മുൻപ് എന്തെങ്കിലും മാറ്റം വന്നാൽ കൂടുതൽ നികുതി അടച്ചവർക്ക് ആ തുക തിരികെ ലഭിക്കുകയില്ല. കൂടാതെ, എന്നെപ്പോലെയുള്ളവർ നികുതി കുടിശ്ശികയാക്കിയിരിക്കുന്നത് കേരളസർക്കാർ/ കൊച്ചിനഗരസഭ 2012 ൽ നിശ്ചയിച്ച തുക കെട്ടിട നികുതിയായി ഇപ്പോൾ സ്വീകരിക്കാത്ത ഏക കാരണം കൊണ്ടാണ് അവരുടെ തെറ്റു കൊണ്ടല്ല.

4. കൊച്ചി നഗരസഭയിൽ മേൽപ്പറഞ്ഞ നികുതി ഉടനടി സ്വീകരിക്കാൻ കൂടുതൽ ജീവനക്കാരെ ഓരോ ദിവസവും അഞ്ചുമണിക്കൂറെങ്കിലും ഏർപ്പാട് ചെയ്യണം : കാലത്ത് 10 മണി മുതൽ 1 മണി വരെയും ഉച്ചതിരിഞ്ഞ് 2 മണി മുതൽ 4 മണി വരെയെങ്കിലും.

ഈ നിർദ്ദേശ്ശങ്ങൾ നടപ്പിലാക്കിയാൽ ജനദ്രോഹമില്ലാതെ ജനങ്ങളിൽ നിന്നും അർഹിക്കുന്ന നികുതി സമയത്തിന് ലഭിക്കുവാനും കൊച്ചി നഗരസഭയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സ്നേഹ ബഹുമാനങ്ങളോടെ,

വിധേയൻ,

ജെയ്ക്കബ് നെറ്റിക്കാടൻ.

കൂടെ അയക്കുന്നത് ഇന്ത്യൻ എക്സ്പ്രസ്സ് & മാതൃഭൂമി പേപ്പർ കട്ടിംഗ്സ്